# ചിതാഗ്നി

ചിതയിതാ കത്തുന്നു കാളിമചിലയ്ക്കുന്നു
ഭസ്മശകലങ്ങൾ പൊടിയുന്നു പാറിപ്പറന്നിടുന്നു.
കാടാണു ജീവിതം അന്തിമപ്രാപ്തിയാ-
മീച്ചുടുകാടൊന്നു തന്നെയീ ജീവിതം
പണ്ടെപ്പൊഴെങ്ങോരു സുദിനത്തിൻ പുലരിയി-
ലിവിടെയും പൂക്കൾ വിടർന്നിരുന്നു
രാഗചെമ്പനീർപ്പൂക്കൾത്തളിർത്തിരുന്നു!
ജീവിതം നശ്വരമാണെന്നിരിക്കിലു-
മെപ്പോഴോ മോഹങ്ങൾ പൂത്തിരുന്നു.
മരുഭൂവിലെ ജലംതേടുന്നപാന്ഥനെപ്പോലെ
നിന്നേയവ തേടിയിരുന്നു,
 നിന്റെ
മന്ദസ്മിതത്തിനായ് കേണിരുന്നു.
പൗർണ്ണമിതന്നിലെചന്ദ്രനെ പോലെ നിൻ
പുഞ്ചിരിയെങ്ങാൻ തെളിഞ്ഞുവെന്നാല- ന്നുത്സവം തന്നെയായിരുന്നെൻ ഹൃത്തിൽ
സ്തന്യംനുകരുന്ന പൈതൽ പോലെ

*          *          *

ചിതയിതാപൊട്ടിത്തെറിക്കുന്നു വീണ്ടുമാത്തലയോടു
പൊട്ടിത്തെറിച്ചിടുന്നു
ആദ്യാനുരാഗവും ചാമ്പലായീടുന്നു
ആത്മാവ് നരകത്തെപ്പുൽകിടുന്നു
ഓർക്കാതിരിക്കുവാനാകുമോ
നിന്നെ, ഞാനേതുനരകത്തിൽ പതിച്ചെന്നാലും

വന്നണഞ്ഞീടു നീ ഒന്നീച്ചിതാഗ്നിയെ
വേഗം വരിക്കൂ... അണയും മുമ്പേ.

_ പ്രവീൺ എം